# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി കൊല്ലം ജില്ലാ കളക്ടർ ആവശ്യപ്പെട്ട അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **4011/2018/റവ.** തിരുവനന്തപുരം, തീയതി, 29.09.2018.

==========================================

പരാമർശം:- 1. സ.ഉ. (കൈ) നം. 13/2018/ദു.നി.വ. തീയതി, 16.08.2018.
2. സ.ഉ. (കൈ) നം. 314/2018/റവ., തീയതി, 24.08.2018.
3. സ.ഉ. (സാധാ) നം. 3568/2018/റവ., തീയതി, 30.08.2018.
4. സ.ഉ. (സാധാ) നം. 3749/2018/റവ., തീയതി, 07.09.2018.
5. കൊല്ലം ജില്ലാ കളക്ടറുടെ 27.09.2018-ലെ എൻ7-52300/2017 നമ്പർ കത്ത്.

## ഉത്തരവ്

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് പരാമർശം (1) പ്രകാരം ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (2) പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. കൂടാതെ പരാമർശം (3) ഉത്തരവ് പ്രകാരം 35 ലക്ഷം രൂപയും, പരാമർശം (4) ഉത്തരവ് പ്രകാരം 35 ലക്ഷം രൂപയും കൂടി കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കുകയുണ്ടായി.

2. മേൽ അനുവദിച്ച ധനസഹായത്തിന് പുറമേ 885 കുടുംബങ്ങൾക്ക് (അപ്പീൽ കേസുകൾ) കൂടി 6,200/- രൂപ വീതം നൽകുന്നതിന് 54,87,000/- രൂപ (അൻപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരം രൂപ മാത്രം) ആവശ്യമുണ്ടെന്ന് പരാമർശം (5) പ്രകാരം കൊല്ലം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന രീതിയിൽ കൊല്ലം ജില്ലയിലെ 885 കുടുംബങ്ങൾക്ക് കൂടി ആകെ 54,87,000/- രൂപ (അൻപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജില്ല | കുടുംബങ്ങളുടെ എണ്ണം | CMDRF-ൽ നിന്നും 6,200/- രൂപ നിരക്കിൽ ആകെ തുക |
|---|---|---|
| കൊല്ലം | 885 | 54,87,000/- രൂപ |

...2/-

3. വിതരണത്തിനാവശ്യമായി വരുന്ന 54,87,000/- രൂപ (അൻപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കൊല്ലം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.